പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. *90 — 28.02.2018 -ൽ മറുപടിക്ക്

## എംപ്ലോയബിലിറ്റി സെന്ററുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.എം. ആരിഫ്<br>ശ്രീ.യു. ആർ. പ്രദീപ്<br>ശ്രീ.കാരാട്ട് റസാഖ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
| എ) | തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകി വരുന്നുണ്ട്. ഇതിനു പുറമെ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് സംഘടിപ്പിച്ചു വരുന്ന നിയുക്തി മെഗാ ജോബ്ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തിവരുന്ന ജോബ്ഡ്രൈവുകൾ വഴിയും മോഡൽ കരിയർ സെന്ററുകൾ മുഖേന സംഘടിപ്പിക്കുന്ന തൊഴിൽ മേളകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴില വസരങ്ങൾ തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ കൗൺസിലിംഗും പരിശീലനവും നൽകി മികച്ച തൊഴിലുകൾക്ക് പ്രാപ്തരാക്കുകയും അതിനു ശേഷം സ്വകാര്യമേഖലയിലെ തൊഴിലവ സരങ്ങൾ ലഭ്യമാക്കുന്നതിന് പ്രാപ്തരായ ഉദ്യോഗാർത്ഥികളെ എംപ്ലോയബിലിറ്റി സെന്ററുകളിലേക്ക് നയിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ബി) | സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അത് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ എത്തിക്കുന്നതിനുമായി എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | സി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്കു അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി |

| | |
|---|---|
| | സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |
| ഡി) എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | ഡി) എംപ്ലോയബിലിറ്റി സെന്ററുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾ 250 രൂപ ഒറ്റത്തവണ ഫീസും, വിദ്യാഭ്യാസ യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും ആധാർ പോലുള്ള തിരിച്ചറിയൽ രേഖകളും സഹിതം ടി സെന്ററുകൾ നിലവിലുള്ള ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സമീപിക്കാവുന്നതാണ്. www.employabilitycentre.org എന്ന വെബ്സൈറ്റിലും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| (ഇ) നിലവിൽ ഏതെല്ലാം ജില്ലകളിലാണ് ഇവ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ